**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 643** **05-10-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റേഷനുകളുടെയും ലൈനുകളുടെയും നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരും നിലവിലുള്ള സർക്കാരും അധികാരത്തിൽ വന്ന ശേഷമുള്ള അഞ്ചര വർഷങ്ങളിൽ എത്ര പുതിയ സബ് സ്റ്റേഷനുകളുടെയും ലൈനുകളുടെയും നിർമ്മാണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2016 മെയ് മാസം മുതലുള്ള കഴിഞ്ഞ അഞ്ചര വർഷക്കാലയളവിൽ അപ്ഗ്രേഡ് ചെയ്തവയുൾപ്പെടെ 75 പുതിയ സബ്സ്റ്റേഷനുകളും 1775.46 സർക്യൂട്ട് കി.മീ പ്രസരണ ലൈനുകളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | അന്യസംസ്ഥനങ്ങളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് അധികമായി വാങ്ങുന്നതെന്നും ഈ വൈദ്യുതിയുടെ ശരാശരി യൂണിറ്റ് തുക എത്രയെന്നും വ്യക്തമാക്കാമോ? | (ബി) | ജൂലൈ 2021 ലെ കണക്കുകൾ പ്രകാരം കേന്ദ്രപൂളിൽ നിന്നും 1756.64 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ കെ.എസ്.ഇ.ബി.എൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിന്റെ ശരാശരി യൂണിറ്റ് നിരക്ക് 4.85 രൂപ ആണ്. കൂടാതെ, അന്യസംസ്ഥാനങ്ങളിലെ ജനറേറ്റിംഗ് സ്റ്റേഷനുകളുമായുള്ള ദീർഘകാല കരാറുകൾ മുഖേന 1149.51 മെഗാവാട്ട് വൈദ്യുതിയും വാങ്ങിയിട്ടുണ്ട്. ഇതിന്റെ ശരാശരി യൂണിറ്റ് നിരക്ക് രൂപ 4.66/ യൂണിറ്റ് ആണ്. |

സെക്ഷൻ ഓഫീസർ